# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 528 — 01.12.2015 ൽ മറുപടിയ്ക്ക്

## ഉത്തേജന പലിശ ഇളവ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | ഉത്തേജന പലിശ ഇളവ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എത്ര പേർക്ക് പലിശ സബ്സിഡി ഇളവ് നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഉത്തേജന പലിശ ഇളവ് പദ്ധതി 2012-13 വർഷം മുതലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ 30266 പേർക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ട്. ഇതിനായി 4,85,56,998/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ.<br>പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി ഇളവിന് അർഹതയുള്ളൂ.<br>ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും |

ലഭിക്കുന്ന പരമാവധി 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡിയായി അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ